LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭത്തിൽ കൃഷി നാശം

100 [1177] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം സംസ്ഥാനത്ത് ഈ വർഷം കാർഷികവിളകൾ നിശിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വിളകളാണ് മുഖ്യമായും നശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള തുക വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെങ്ങ്, വാഴ, നെല്ല്, പച്ചക്കറികൾ, മരച്ചീനി, റബ്ബർ, കുരുമുളക്, ജാതി, കാപ്പി, ഏലം എന്നീ വിളകളാണ് മുഖ്യമായും നശിച്ചിട്ടുള്ളത്.

(സി) ഉണ്ട്. 2003-04, 2004-05 എന്നീ വർഷങ്ങളിലെ പ്രകൃതിക്ഷോഭംമൂലമുണ്ടായ കൃഷിനാശത്തിന് 2-2-2005 വരെ 68.53 കോടി രൂപ നഷ്ടപരിഹാരമായി നൽകി കഴിഞ്ഞു. ബാക്കി തുക കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ജില്ല തിരിച്ചുള്ള തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വെള്ളക്കെട്ടുമൂലം കൃഷി നാശം

101 [1178] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ, കൽപ്പള്ളി, തെണ്ടിലക്കടവ്, കണ്ണിപറമ്പ് വയലുകളിൽ ചാലിയാർ കവണക്കല്ലിലെ ചീർപ്പ് താഴ്ത്തിയതുകാരണം വെള്ളം തൊട്ടടുത്ത പാടശേഖരങ്ങളിൽ കെട്ടിനിന്ന് കൃഷിക്ക് നാശം സംഭവിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കർഷകർക്ക് വരുത്തിവച്ച ഭീമമായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് പരിഹാരമായി ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) ഇല്ലെങ്കിൽ ഇതിന് അടിയന്തിരമായി പരിഹാരമാർഗ്ഗങ്ങൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 3 ഹെക്ടർ സ്ഥലത്തെ നെൽകൃഷി നശിച്ചു. 8000 കുലച്ച നേന്ത്ര വാഴകൾ നശിച്ചു. വെള്ളക്കെട്ട് കാരണം 6 ഹെക്ടർ സ്ഥലത്ത് ഈ വർഷം കൃഷി ചെയ്യാൻ സാധിച്ചില്ല.

(സി & ഡി) ഇത് സംബന്ധിച്ച വിശദ വിവരം ശേഖരിച്ചു നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.